# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1383 — 13/06/2014-ൽ മറുപടിക്ക്

**നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ചരിത്രശേഷിപ്പുകളുടെ സംരക്ഷണം**

**ചോദ്യം** — **ഉത്തരം**

ശ്രീ. എൻ.എ. നെല്ലിക്കുന്ന് : — ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ചരിത്രശേഷിപ്പുകൾ ഏറ്റെടുത്ത് ഭാവി തലമുറയ്ക്കു വേണ്ടി സംരക്ഷിക്കുന്ന കാര്യത്തിലെ നയമെന്താണെന്ന് വിശദമാക്കുമോ ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം, 1972 ലെ ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയനുസരിച്ച് നാശോന്മുഖമായി കൊണ്ടിരിക്കുന്നതും അല്ലാത്തതുമായ ചരിത്ര ശേഷിപ്പുകളും പുരാവശിഷ്ടങ്ങളും പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി ഏറ്റെടുത്ത് ഭാവി തലമുറയ്ക്കായി സംരക്ഷിച്ചു വരുന്ന നടപടി നിലവിലുണ്ട്. |
| (ബി) | ഇവയെക്കുറിച്ച് ആർക്കിയോളജി വകുപ്പ് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; | (ബി) | നിലവിൽ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളാക്കിയിട്ടുള്ള ചരിത്രസ്മാരകങ്ങളുടെയും പുരാവശിഷ്ടങ്ങളുടെയും വിവരശേഖരണം പുരാവസ്തു വകുപ്പ് നടത്തിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, മാധ്യമങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെടുത്തുന്ന വിവരങ്ങൾ വച്ച് പുരാവസ്തു പര്യവേക്ഷണം, ഉത്ഖനനം എന്നീ മാർഗ്ഗങ്ങളിൽ കൂടിയും ചരിത്രശേഷിപ്പുകളെക്കുറിച്ച് വിവരശേഖരണം നടത്തുന്നുണ്ട്. |
| (സി) | ഇക്കാര്യത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നത് ; 2013 -14 ൽ ഇതിനായി എന്തു തുക നീക്കി വച്ചു ; എന്തു തുക ചെലവായി ? | (സി) | 1968 ലെ നിയമം, 1972 ലെ ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം ചരിത്രപരമായും പുരാവസ്തുപരമായും പ്രാധാന്യമുള്ള സ്മാരകങ്ങളും പുരാവസ്തുക്കളും ഏറ്റെടുത്ത് തനിമയും പ്രൗഢിയും നിലനിർത്തി ശാസ്ത്രീയമായി സംരക്ഷിക്കുക, ചരിത്രസ്മാരകങ്ങളും ശേഷിപ്പുകളും സംരക്ഷിക്കുന്നതിനെക്കുറിച്ച് പൊതു അവബോധം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, പഠന ഗവേഷണങ്ങൾക്ക് സാങ്കേതികവും വൈജ്ഞാനികവുമായ സഹായ സഹകരണങ്ങൾ നൽകുക മുതലായ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ഉള്ള വകുപ്പിന്റെ 166 -ൽ പരം സ്മാരകങ്ങളുടെ സംരക്ഷണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തി വരുന്നു. സങ്കീർണ്ണമായ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾക്കും, രാസ സംരക്ഷണ പ്രവർത്തനങ്ങൾക്കും 2013-14 ൽ അനുവദിച്ച 3,75, 00000/- (മൂന്ന് കോടി എഴുപത്തഞ്ച് ലക്ഷം രൂപ ) രൂപായിൽ 1,66,36,661/- രൂപ( ഒരു കോടി അറുപത്തിയാറ് ലക്ഷത്തി മുപ്പത്തിയാറായിരത്തി അറുനൂറ്റിഅറുപത്തൊന്ന് രൂപ) ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ